"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കണ്ണൂർ ജില്ല, അഞ്ചരക്കണ്ടി അംശം മാമ്പ ദേശം -റി സ 89/4എ യിൽ പ്പെട്ട 0.4047 ആർ (1സെന്റ്) ഭൂമി, കിണർ നിർമ്മിക്കുന്നതിന് അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന് നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി 3 വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു ) വകുപ്പ്**

സ.ഉ.(കൈ) നം.136/2025/RD തീയതി,തിരുവനന്തപുരം, 19-05-2025

---

പരാമർശം:-

1. അഞ്ചരക്കണ്ടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 03/01/2024 ലെ അപേക്ഷ.

2. കണ്ണൂർ ജില്ല കളക്ടറുടെ 2/7/2024 ലെ DCKNR/8258/2024-L1 നമ്പർ കത്ത്.

3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 06/08/24, 10/04/25 തീയ്യതികളിലെ LR/6448/2024-LR(J10) നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്ക്, അഞ്ചരക്കണ്ടി അംശം മാമ്പ ദേശത്ത് റീ സ 89/4എ യിൽ പ്പെട്ട 0.4047 ആർ (1 സെന്റ്) ഭൂമി കിണർ നിർമ്മിക്കുന്നതിന് അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന് പാട്ടത്തിന് അനുവദിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

**2.** അപേക്ഷയ്ക്കടിസ്ഥാനമായ സ്ഥലം ഇറിഗേഷൻ വകപ്പിന്റെ ഭൂമിയാണെന്നും ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം റവന്യൂ പുറമ്പോക്കായി മാറ്റിയിട്ടുള്ളതാണ് എന്നും, പ്രസ്തുത ഭൂമിയിൽ നിന്നും 3 സെന്റ് വീതം ഭൂരഹിതർക്ക് പതിച്ചു നല്കിയതാണെന്നും, ആയതിൽ പതിച്ചു നൽകാത്ത 3 സെന്റ് ഭൂമിയിൽ നിന്നുമാണ് 0.4047 ആർ ഭൂമി അനുവദിക്കുന്നതിനായി പ്രൊപോസൽ സമർപ്പിച്ചിട്ടുള്ളതെന്നും, പഞ്ചായത്തിലെ ലക്ഷം വീട് കോളനിയിലെ നിവാസികൾക്ക് കുടിവെള്ള ആവശ്യത്തിനായി കിണർ നിർമ്മിക്കുന്നതിനായിട്ടാണ് പാട്ടത്തിന് ആവശ്യപ്പെട്ടിരിക്കുന്നത് എന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതും, ആയതിനാൽ ടി വിഷയം പ്രത്യേക പരിഗണന അർഹിക്കുന്നതാണ് എന്ന് ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും പരാമർശം (2)&(3) പ്രകാരം ശുപാർശ ചെയ്തിട്ടുമുണ്ട്.

**3.** ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി അംശം, മാമ്പ ദേശത്ത് റി സ 89/4എ യിൽ പ്പെട്ട 0.4047 ആർ (1 സെന്റ്) ഭൂമി കിണർ നിർമ്മിക്കുന്നതിന് അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന് 1285/- (ആയിരത്തി ഇരുന്നൂറ്റി എൺപത്തി അഞ്ചു രൂപ ) വാർഷിക പാട്ടത്തിന് 3 വർഷത്തേക്ക്, ചുവടെ ചേർത്ത വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

1) ഭൂമി അനുവദിച്ച ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാവു;

2) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

3) ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

4) ഭൂമി എല്ലാ തരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്ത് സംരക്ഷിച്ചു നിർത്തേണ്ടതാണ്.

5) ഭൂമിയിലെ മരങ്ങൾ മുറിക്കാൻ പാട്ടുള്ളതല്ല, അഥവാ മുറിക്കേണ്ടുന്ന പക്ഷം, റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതാണ്.

6) മൂന്ന് വർഷത്തെ വാർഷിക പാട്ടം മുൻകൂറായി ഒടുക്കേണ്ടതാണ്. പാട്ട തുക ഒടുക്കുന്നതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2% മോ അതിന് മുകളിലോ പിഴ പലിശ ഈടാക്കുന്നതുമാണ്.

7) പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്;

8) ഒരു വർഷത്തിൽ കൂടുതൽ പാട്ടക്കാലാവധി നിശ്ചയിച്ചിട്ടുള്ള പാട്ടക്കരാർ രജിസ്റ്റർ ചെയ്യേണ്ടതാണ്;

9) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുന:നിക്ഷിപ്തമാകുന്നതാണ്.

**4.** വിഷയത്തിൽ നിയമാനുസൃത തുടർ നടപടി കണ്ണൂർ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ആഡിറ്റ് ), കേരള, തിരുവനന്തപുരം.
സെക്രട്ടറി, അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്, കണ്ണൂർ.
പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 23-05-2025 13:03:48

പകർപ്പ് :- ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ